Draft #1 of File 11018/AC A1-2/2022/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 28-Jan-2022 03:25 PM - Page 1

15 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലാ പഠന വകുപ്പുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം- ആർട്ട്സ്/ സ്പോർട്ട്സ് ക്വാട്ടയിൽ ഒരു അധിക സീറ്റ് അനുവദിച്ച നടപടി -അധിക നിർദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 1038/AC A 1/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 01.02.2022

---

*പരാമർശം:*-1.)നം.3084/എ1/2017/അക്കാദമിക് തീയതി 24.05.2017

**ഉത്തരവ്**

സർവ്വകലാശാലയുടെ പഠന വകുപ്പുകളിൽ നടത്തപ്പെടുന്ന ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക്, അനുവദിക്കപ്പെട്ട സീറ്റുകൾക്ക് പുറമെ റൊട്ടേഷൻ അടിസ്ഥാനത്തിൽ ഓരോ വർഷവും ആർട്ട്സ് / സ്പോർട്ട്സ് ക്വാട്ടയിൽ ഒരു അധിക സീറ്റ് അനുവദിച്ചുകൊണ്ട് പരാമർശം (1) ഉത്തരവായിരുന്നു. 2022 അദ്ധ്യയന വർഷം മുതൽ പ്രസ്തുത സംവരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, താഴെപറയുന്ന അധിക നിർദേശങ്ങൾ നൽകിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

i)2022 അദ്ധ്യയന വർഷം ആർട്ട്സ് ക്വാട്ട വിഭാഗത്തിൽ സർവ്വകലാശാലയുടെ എല്ലാ പഠന വകുപ്പുകളിലും നടത്തപ്പെടുന്ന ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഒരു സീറ്റ് അനുവദിക്കുന്നതും, തൊട്ടടുത്ത വർഷം റൊട്ടേഷൻ അനുസരിച്ച് സ്പോർട്ട്സ് ക്വാട്ട വിഭാഗത്തിന് സീറ്റ് അനുവദിക്കുന്നതുമാണ് . ഇത്തരത്തിൽ റൊട്ടേഷൻ തുടർന്ന് പോരുന്നതാണ്.

ii)ഏതെങ്കിലും വർഷം ആർട്ട്സ്/ സ്പോർട്ട്സ് വിഭാഗത്തിന് സംവരണം ചെയ്ത സീറ്റിലേക്ക് യോഗ്യരായ അപേക്ഷകരില്ലെങ്കിൽ പ്രസ്തുത വർഷം അത് അടുത്ത വിഭാഗത്തിന് നൽകേണ്ടതും തൊട്ടടുത്ത വർഷം ഈ സംവരണം തിരികെ നൽകേണ്ടതുമാണ്. ഒരു വർഷം രണ്ട് വിഭാഗത്തിലും യോഗ്യരായ അപേക്ഷകരില്ലെങ്കിൽ ക്രമപ്രകാരമുള്ള റൊട്ടേഷൻ പാലിച്ച് അടുത്ത വർഷം സംവരണം നൽകാവുന്നതാണ്. ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളെ ഈ സംവരണത്തിൽ ഉൾപ്പെടുത്തേണ്ടതില്ല. ആർട്ട്സ് ക്വാട്ടയിൽ അനുവദിക്കുന്ന സീറ്റിലേക്ക് ആളില്ലാതെ വന്നാൽ പ്രസ്തുത സീറ്റിലേക്ക് സ്പോർട്ട്സ് ക്വാട്ട വിഭാഗത്തിൽ നിന്നുള്ളവരെ പരിഗണിക്കാവുന്നതാണ്. ഇത്തരത്തിൽ നിശ്ചയിച്ചിട്ടുള്ള ക്വാട്ട സീറ്റിലേക്ക് ആളില്ലാതെ വന്നാൽ പരസ്പരം മാറ്റി നൽകാവുന്നതാണ്.

iii)എൻട്രൻസ് പരീക്ഷക്ക് ലഭിക്കുന്ന മാർക്കിന്റെ കൂടെ ആർട്ട്സ്/ സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനത്തിന് വിവിധ ഇനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന മാർക്ക് കൂടി ചേർത്ത് ആർട്ട്സ്/ സ്പോർട്ട്സ് വിഭാഗത്തിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് പരിഗണിക്കാവുന്നതാണ്.

iv.)സർവ്വകലാശാലയിലെ എല്ലാ പഠന വകുപ്പുകളിലും ആർട്ട്സ്/ സ്പോർട്ട്സ് ക്വാട്ട വിഭാഗത്തിൽ പ്രവേശനത്തിന് നിശ്ചയിച്ചിട്ടുള്ള റൊട്ടേഷൻ ടേൺ കൃത്യമായി പിൻതുടരുന്നതിന്റെ ഭാഗമായി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഓരോ വർഷവും നിശ്ചയിച്ചിട്ടുള്ള റൊട്ടേഷൻ ടേണിൽ മാറ്റം വരുത്താതെ ആർട്ട്സ്/ സ്പോർട്ട്സ് ക്വാട്ട വിഭാഗത്തിനുള്ള പ്രവേശനം തുടർന്ന് പോരേണ്ടതാണ്

v.)ആർട്ട്സ്/ സ്പോർട്ട്സ് ക്വാട്ട വിഭാഗത്തിൽ പ്രവേശനത്തിന് അർഹത നേടിയിട്ടുള്ള വിദ്യാർത്ഥി പൊതു മെറിറ്റ് പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരവും പ്രവേശനത്തിന് അർഹത നേടിയാൽ ടി വിദ്യാർത്ഥിയെ ആർട്ട്സ്/ സ്പോർട്ട്സ് ക്വാട്ട വിഭാഗത്തിൽ പരിഗണിച്ചതിന് ശേഷം മാത്രം പൊതു മെറിറ്റ് വിഭാഗത്തിൽ പരിഗണിക്കുന്നതാണ്.

vi)ആർട്ട്സ്/ സ്പോർട്ട്സ് ക്വാട്ട വിഭാഗത്തിൽ പ്രവേശനത്തിന് മറ്റ് സംവരണങ്ങൾ ബാധകമാകുകയില്ല .

vii)സ്പോർട്ട്സ് ക്വാട്ട വിഭാഗത്തിൽ പ്രവേശനം നൽകുന്നതിനായി പരിഗണിക്കാവുന്ന സ്പോർട്ട്സ് ഇനങ്ങൾ ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ഇനം |
|---|---|
| 1. | Judo(M&W) |
| 2. | Fencing(M&W) |
| 3. | Tennis(M&W) |
| 4. | Yoga(M&W) |
| 5. | Hockey(M&W) |
| 6. | Football(M&W) |
| 7. | Wrestling(M&W) |
| 8. | Kabbadi(M&W) |
| 9. | Table Tennis(M&W) |
| 10. | Volleyball(M&W) |
| 11. | Swimming(M&W) |
| 12. | Basket ball(M&W) |
| 13. | Badminton(M&W) |
| 14. | Cycling |
| 15. | Weight lifting(M&W) & Best Physique |
| 16. | Athletics(M&W) |
| 17. | Roll ball(M&W) |
| 18. | Base ball(M&W) |
| 19. | Net ball(M&W) |
| 20. | Ball Badminton(M&W) |
| 21. | Chess(M&W) |
| 22. | Handball(M&W) |
| 23. | Softball(M&W) |

Draft #1 of File 11018/AC A1-2/2022/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 28-Jan-2022 03:25 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| | |
|---|---|
| 24. | Kho-Kho(M&W) |
| 25. | Taekwondwo(M&W) |
| 26. | Cross country(M&W) |
| 27. | Powerlifting(M&W) |
| 28. | Tugof war (M&W) |
| 29. | Hockey 5's(M&W) |
| 30. | Cricket(M&W) |
| 31. | Roller Sports(M&W) |

പരാമർശം (1) സർവ്വകലാശാലാ ഉത്തരവ് ഇതിനാൽ ഭേദഗതി ചെയ്തിരിക്കുന്നു. തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.സർവ്വകലാശാലാ പഠന വകുപ്പുകൾ
2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
5.ഓഡിറ്റ്/അക്കൗണ്ട്സ്/ ഫിനാൻസ്/ പരീക്ഷ / അക്കാദമിക് സെക്ഷനുകൾ
6.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി / സിറ്റാഡ് / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ
7.എസി ബി 7 സെക്ഷൻ/ ഐ റ്റി സെൽ
8.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 11018/AC A1-2/2022/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 28-Jan-2022 03:25 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം